**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 420** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നിയമനിർമ്മാണത്തിനുള്ള പ്രവർത്തനങ്ങളിലാണ്. ഇത് സംബന്ധിച്ച ഓർഡിനൻസ് The Kerala Livestock, Poultry Feed and Mineral Mixture (Regulation of Manufacture and Sale) Ordinance 2021, 2021 ഫെബ്രുവരിയിൽ നിലവിൽ വന്നു. കാലിത്തീറ്റ, കോഴിത്തീറ്റ ഉൽപാദനത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾക്ക് ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. അവ പാലിക്കുന്ന അസംസ്കൃത വസ്തുക്കൾ മാത്രമാണ് തീറ്റ ഉൽപാദനത്തിനായി ഉപയോഗിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം, ഉൽപാദനത്തിനു ശേഷമുള്ള തീറ്റയുടെ ഗുണനിലവാരം എന്നിവ ലാബിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. മിൽമയുടെ രണ്ട് കാലിത്തീറ്റ ഫാക്ടറികളിലും കർഷകർക്ക് ആവശ്യമായ തരത്തിലുള്ള കാലിത്തീറ്റകളാണ് ഉത്പാദിപ്പിച്ചു വരുന്നത്. പശുവിന്റെ പാലുത്പാദനശേഷിക്കനുസരിച്ച് മിൽമ റിച്ച്, മിൽമ ഗോൾഡ്, മിൽമ ബൈപ്രോ എന്നീ 3 ഇനം കാലിത്തീറ്റകൾ ഉത്പാദിപ്പിക്കുന്നു. മിൽമ ഗോൾഡിലും മിൽമ ബൈപ്രോയിലും നിശ്ചിത അളവിൽ ധാതു ലവണ മിശ്രിതങ്ങൾ അടങ്ങിയിട്ടുണ്ട്. ഇത് പാലുത്പാദനവും കാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും കറവകൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനും പ്രയോജനപ്പെടുന്നു. കാലിത്തീറ്റ ഫാക്ടറികളിൽ അതിനൂതനമായ യന്ത്രസാമഗ്രികൾ (പെല്ലറ്റ് മിൽ, ഹാമർ മിൽ, സൈലോകൾ) സ്ഥാപിച്ചിട്ട- |

| | | | |
|---|---|---|---|
| | | | ള്ളതിനാൽ സ്ഥായിയായ ഗുണനിലവാരമുള്ള കാലിത്തീറ്റ ആവശ്യത്തിനനുസരിച്ച് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സാധിക്കും. |
| (ബി) | ഇവയുടെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കാലീത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നിയമനിർമ്മാണത്തിനുള്ള പ്രവർത്തനങ്ങളിലാണ്. ഇത് സംബന്ധിച്ച ഓർഡിനൻസ് The Kerala Livestock, Poultry Feed and Mineral Mixture (Regulation of Manufacture and Sale) Ordinance 2021, 2021 ഫെബ്രുവരിയിൽ നിലവിൽ വന്നു. കാലിത്തീറ്റ, കോഴിത്തീറ്റ ഉൽപാദനത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾക്ക് ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. അവ പാലിക്കുന്ന അസംസ്കൃത വസ്തുക്കൾ മാത്രമാണ് തീറ്റ ഉൽപാദനത്തിനായി ഉപയോഗിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം, ഉൽപാദനത്തിനു ശേഷമുള്ള തീറ്റയുടെ ഗുണനിലവാരം എന്നിവ ലാബിൽ പരിശോധിച്ചു ഉറപ്പുവരുത്തുന്നു. മിൽമയുടെ രണ്ട് കാലിത്തീറ്റ ഫാക്ടറികളിലും കർഷകർക്ക് ആവശ്യമായ തരത്തിലുള്ള കാലിത്തീറ്റകളാണ് ഉത്പാദിപ്പിച്ചു വരുന്നത്. പശുവിന്റെ പാലുത്പാദനശേഷിക്കനുസരിച്ച് മിൽമ റിച്ച്, മിൽമ ഗോൾഡ്, മിൽമ ബൈപ്രോ എന്നീ 3 ഇനം കാലിത്തീറ്റകൾ ഉത്പാദിപ്പിക്കുന്നു. മിൽമ ഗോൾഡിലും മിൽമ ബൈപ്രോയിലും നിശ്ചിത അളവിൽ ധാതു ലവണ മിശ്രിതങ്ങൾ അടങ്ങിയിട്ടുണ്ട്. ഇത് പാലുത്പാദനവും കാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും കറവകൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനും പ്രയോജനപ്പെടുന്നു. കാലിത്തീറ്റ ഫാക്ടറികളിൽ അതിനൂതനമായ യന്ത്രസാമഗ്രികൾ (പെല്ലറ്റ് മിൽ, ഹാമർ മിൽ, സൈലോകൾ) സ്ഥാപിച്ചിട്ടു- ള്ളതിനാൽ സ്ഥായിയായ ഗുണനിലവാരമുള്ള കാലിത്തീറ്റ ആവശ്യത്തിനനുസരിച്ച് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സാധിക്കും. |
| (സി) | കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുവാനും കുറഞ്ഞ വിലയിൽ കർഷകർക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കാലിത്തീറ്റ ഉൽപാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ അന്യസംസ്ഥാ നങ്ങളിൽ നിന്നും ലഭ്യമാക്കുന്നതാണ്. അസംസ്കൃത വസ്തുക്കളുടെ വിലയനുസരിച്ചാണ് കാലിത്തീറ്റ ഉല്പാദന ചെലവിൽ മാറ്റം വരുന്നത്. കോവിഡ് മഹാമാരിയുടെ അതിവ്യാപനം മൂലവും ഡീസൽ വിലയിലുണ്ടായിട്ടുള്ള വർദ്ധനവും ഉൽപാദന മേഖലയിലുണ്ടായിട്ടുള്ള പ്രതികൂല കാലാവസ്ഥയും അസംസ്കൃത |

| | | | |
|---|---|---|---|
| | | | പദാർത്ഥങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ഭീമമായ വിലവർദ്ധനവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതെയാണ് കേരള ഫീഡ്സ് ലിമിറ്റഡും മിൽമയും കാലിത്തീറ്റ വിതരണം ചെയ്തു വരുന്നത്. സമീകൃതകാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുൽപ്പാദനം വളരെ ചിലവേറിയതാണ്. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം തീറ്റപ്പുൽകൃഷി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരള ഫീഡ്സ് ലിമിറ്റഡിന്റെ 4 യൂണിറ്റുകളിൽ നിന്നായി പ്രതിദിനം 1750 MT കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ചെറുകിട കോഴിക്കർഷകർക്ക് പ്രയോജനകരമാകും വിധം 'കൈരളി', 'അതുല്യം ലെയർ', ' അതുല്യം ഗ്രോവർ' എന്നീ 3 തരത്തിലുള്ള കോഴിത്തീറ്റകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. |
| (ഡി) | ഇവയുടെ ഉത്പാദനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പൊതുമേഖലയിലുള്ള കാലിത്തീറ്റ കമ്പനികളായ കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ ഫീഡ്സ് തുടങ്ങിയ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയാണ് കേരളത്തിൽ അധികമായും വിറ്റഴിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് കോവിഡ് കാലഘട്ടത്തിൽ പ്രതിസന്ധിയിലായ ക്ഷീരകർഷകർക്ക് സഹായം നൽകിയത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ വർഷം 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി നൽകിവരുന്നു. കേരള ഫീഡ്സിന്റെ 4 യൂണിറ്റുകളിൽ നിന്നായി പ്രതിദിന കാലിത്തീറ്റ ഉല്പാദന ശേഷി 1750 MT ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ